# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4107** **28-06-2024 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങൾ കൂടാനുണ്ടായ സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് മരണങ്ങൾ സംഭവിച്ച സംസ്ഥാനങ്ങളിൽ രണ്ടാമതാണ് കേരളം എന്നത് വസ്തുതയാണോ; | (എ) | കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള പട്ടികയിൽ, കേരളം രണ്ടാമതാണെങ്കിലും കേരളത്തിലെ മരണ നിരക്ക് (1%), റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ദേശീയ, അന്തർദ്ദേശീയ മരണ നിരക്കുകൾക്ക് സമാനമാണ് എന്നത് സുതാര്യവും കൃത്യവുമായ റിപ്പോർട്ടിംഗ് ആണ് സംസ്ഥാനത്ത് ഉള്ളത് എന്നത് സൂചിപ്പിയ്ക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ കൂടാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫലപ്രദമായ സംവിധാനം കേരളം ഒരുക്കിയിട്ടുണ്ട്. ഇതിനായി ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും കേരളം പാലിക്കുന്നുണ്ട്. കോവിഡ് ലക്ഷണങ്ങളോടെ ചികിത്സ തേടുകയും കോവിഡ് പോസിറ്റീവ് ആയി മരണപ്പെടുകയും ചെയ്ത എല്ലാ കേസുകളും കോവിഡ് മരണം ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന മെഡിക്കൽ ബുള്ളറ്റിൻ, ഡെത്ത് ഇൻഫർമേഷൻ എന്നിവ പരിശോധിച്ച് ജില്ലാ തലത്തിലാണ് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്. ഇത്തരത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ ഒരു പ്രത്യേക പോർട്ടൽ നിലവിലുണ്ട്. കൂടാതെ ഹൃദ്രോഗം, വൃക്ക രോഗം, കരൾ രോഗം, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ മറ്റ് അനുബന്ധ അസുഖങ്ങൾ കാരണം മരണപ്പെടുന്നവരിൽ കോവിഡ് പരിശോധനാഫലം പോസിറ്റിവ് ആണെങ്കിൽ അവയും കോവിഡ് മരണമായിട്ടാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇത്തരത്തിൽ തികച്ചും സുതാര്യമായാണ് കേരളത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതും, കേന്ദ്ര ആരോഗ്യ മന്ത്രാലയം ഉൾപ്പടെയുള്ള ഏജൻസികൾക്ക് കണക്കുകൾ കൈമാറുന്നതും. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ കോവിഡ് പ്രതിരോധം പരാജയമായിരുന്നോ; എങ്കിൽ ഇതിന്റെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യരംഗത്ത് സംസ്ഥാനം കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് കോവിഡ് പ്രതിരോധം ഫലപ്രദമായ രീതിയിൽ നടന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ